ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1187

# സൂറ – 42 / അശ്ശൂറാ

**സൂക്തം: 40 – 43**

അക്രമിക്കപ്പെടുമ്പോൾ തിരിച്ചടിക്കുക നേരത്തെ സൂചിപ്പിച്ചതുപോലെ മർദിതന്റെ ന്യായമായ അവകാശമാണ്. തിരിച്ചടിച്ചതിന്റെ പേരിൽ അവൻ കുറ്റക്കാരനാകുന്നില്ല. ആളുകൾക്കു നേരെയുള്ള അതിക്രമവും നാട്ടിൽ അനാവശ്യമായ കുഴപ്പമുണ്ടാക്കലുമാണ് കുറ്റകരം. അത്തരക്കാർ ഇഹത്തിലും പരത്തിലും ശിക്ഷാർഹരാകുന്നു. സർക്കാറും കോടതിയും ഉള്ളിടത്ത് അവ മുഖേനയാണ് തിരിച്ചടിക്കേണ്ടതും നീതി നേടേണ്ടതും. അതൊന്നും ഇല്ലാത്തിടത്ത് ആ സാഹചര്യത്തിന്റെ തേട്ടമനുസരിച്ച് പ്രവർത്തിക്കാം. അപ്പോൾ നേരത്തെ പറഞ്ഞ തുല്യതയും സംയമനവും പാലിക്കേണ്ടതുണ്ട്.

وَجَزَٰٓؤُا۟ سَيِّئَةٍ سَيِّئَةٌ مِّثْلُهَا ۖ فَمَنْ عَفَا وَأَصْلَحَ فَأَجْرُهُۥ عَلَى ٱللَّهِ ۚ
إِنَّهُۥ لَا يُحِبُّ ٱلظَّٰلِمِينَ ﴿٤٠﴾

40. തിന്മയുടെ പ്രതിഫലം തത്തുല്യമായ തിന്മയാകുന്നു. എന്നാൽ, ഒരാൾ മാപ്പുകൊടുക്കുകയും സന്ധിയാവുകയും ചെയ്തുവെങ്കിൽ അയാൾക്കുള്ള പ്രതിഫലം അല്ലാഹുവിങ്കൽ ഉറപ്പാകുന്നു. മർദകരെ അവൻ സ്നേഹിക്കുന്നില്ല തന്നെ.

وَلَمَنِ ٱنتَصَرَ بَعْدَ ظُلْمِهِۦ فَأُو۟لَٰٓئِكَ مَا عَلَيْهِم مِّن سَبِيلٍ ﴿٤١﴾

41. മർദനമേറ്റശേഷം തിരിച്ചടിച്ചാൽ തിരിച്ചടിച്ചവരുടെ പേരിൽ കുറ്റമൊന്നുമില്ല.

إِنَّمَا ٱلسَّبِيلُ عَلَى ٱلَّذِينَ يَظْلِمُونَ ٱلنَّاسَ وَيَبْغُونَ فِى ٱلْأَرْضِ بِغَيْرِ
ٱلْحَقِّ ۚ أُو۟لَٰٓئِكَ لَهُمْ عَذَابٌ أَلِيمٌ ﴿٤٢﴾

42. കുറ്റമുള്ളത് അന്യായമായി ആളുകളെ മർദിക്കുകയും ഭൂമിയിൽ അതിക്രമമനുവർത്തിക്കുകയും ചെയ്യുന്നവരുടെ പേരിൽ മാത്രമാകുന്നു. അത്തരക്കാർക്ക് തീർച്ചയായും കൊടിയ ശിക്ഷയുണ്ട്.

وَلَمَن صَبَرَ وَغَفَرَ إِنَّ ذَٰلِكَ لَمِنْ عَزْمِ ٱلْأُمُورِ ﴿٤٣﴾

43. ഒരുവൻ ക്ഷമിക്കുകയും പൊറുക്കുകയും ചെയ്തുവെങ്കിൽ അതു നിശ്ചയദാർഢ്യം ആവശ്യമുള്ള കാര്യങ്ങളിൽ പെട്ടതത്രെ.

**40-43**

وَجَزَاءُ سَيِّئَةٍ = തിന്മയുടെ പ്രതിഫലം سَيِّئَةٌ مِّثْلُهَا = അതുപോലുള്ള (തത്തുല്യമായ) തിന്മയാകുന്നു
فَمَنْ عَفَا وَأَصْلَحَ = ഒരുവൻ മാപ്പുകൊടുക്കുകയും സന്ധിയാവുകയും ചെയ്തുവെങ്കിൽ
فَأَجْرُهُ = അവ(നുള്ള)ന്റെ പ്രതിഫലം عَلَى اللَّهِ = അല്ലാഹുവി(ങ്കൽ ഉറപ്പ്) ന്റെ ബാധ്യതയാകുന്നു
إِنَّهُ لَا يُحِبُّ الظَّالِمِينَ = അവൻ മർദകരെ സ്നേഹിക്കുന്നില്ല തന്നെ
وَلَمَنِ انتَصَرَ = വല്ലവനും തിരിച്ചടിച്ചാൽ بَعْدَ ظُلْمِهِ = അവന്റെ അക്രമത്തിനു (മർദനമേറ്റ) ശേഷം
فَأُولَٰئِكَ مَا عَلَيْهِم = അത്തരക്കാർക്ക് അവരുടെ മേൽ (തിരിച്ചടിച്ചവരുടെ പേരിൽ) ഇല്ല
مِّن سَبِيلٍ = (കുറ്റമൊന്നും) മാർഗത്താൽ إِنَّمَا السَّبِيلُ = മാർഗം (കുറ്റം) ഉള്ളത്
عَلَى الَّذِينَ يَظْلِمُونَ النَّاسَ = ആളുകളെ മർദിക്കുന്നവരുടെ(യും) പേരിൽ മാത്രമാകുന്നു
وَيَبْغُونَ فِي الْأَرْضِ = ഭൂമിയിൽ അക്രമം അനുവർത്തിക്കുന്നവരുടെയും بِغَيْرِ الْحَقِّ = അവകാശം കൂടാതെ (അന്യായമായി)
أُولَٰئِكَ لَهُمْ = അത്തരക്കാർക്ക് തീർച്ചയായും ഉണ്ട് عَذَابٌ أَلِيمٌ = വേദനിക്കുന്ന (കൊടിയ) ശിക്ഷ
وَلَمَن صَبَرَ وَغَفَرَ = (ഒരുവൻ) ക്ഷമിക്കുകയും പൊറുക്കുകയും ചെയ്തുവെങ്കിൽ إِنَّ ذَٰلِكَ = തീർച്ചയായും അത്
لَمِنْ عَزْمِ الْأُمُورِ = കാര്യങ്ങളുടെ ദൃഢതയി(നിശ്ചയദാർഢ്യം ആവശ്യമുള്ള കാര്യങ്ങളി)ൽ പെട്ടതത്രെ

മുൻസൂക്തത്തിൽ അനുശാസിച്ച, തിരിച്ചടിയിൽ പാലിക്കേണ്ട സംയമനവും സന്തുലനവും വിശദീകരിക്കുകയാണീ സൂക്തങ്ങൾ. അടിച്ചവനെ തിരിച്ചടിക്കുക അടികിട്ടിയവന്റെ ന്യായമായ അവകാശമാണ്. ഈ തിരിച്ചടി തനിക്കു കിട്ടിയ അടിക്കു തുല്യമായിരിക്കണം. അടിച്ചവനെ പൊതിരെ തല്ലാനോ കൊല്ലാനോ അവകാശമില്ല. അതുപോലെ ഒരാൾ ചെയ്ത കുറ്റത്തിന് മറ്റൊരാളോടു പ്രതികാരം ചെയ്തുകൂടാ. ഒരാൾ നിങ്ങളുടെ മകനെ പ്രഹരിച്ചതിന് അയാളുടെ മകനെ പ്രഹരിക്കാൻ നിങ്ങൾക്കവകാശമില്ല. മകൻ അടിച്ചാൽ പിതാവിനെ തിരിച്ചടിക്കാനും പാടില്ല. അടികൊണ്ടതാർക്കാണോ അയാളാണ് തിരിച്ചടിക്കേണ്ടത്. അടിച്ചതാരാണോ അയാളെയാണ് തിരിച്ചടിക്കേണ്ടത്. ഈ നിയമം അല്ലാഹു പണ്ടേ വിധിച്ചിട്ടുള്ളതാണെന്ന് 5:45-ൽ പ്രസ്താവിക്കുന്നു:

وَكَتَبْنَا عَلَيْهِمْ فِيهَا أَنَّ النَّفْسَ بِالنَّفْسِ وَالْعَيْنَ بِالْعَيْنِ وَالْأَنفَ بِالْأَنفِ وَالْأُذُنَ بِالْأُذُنِ وَالسِّنَّ بِالسِّنِّ وَالْجُرُوحَ قِصَاصٌ فَمَن تَصَدَّقَ بِهِ فَهُوَ كَفَّارَةٌ لَّهُ وَمَن لَّمْ يَحْكُم بِمَا أَنزَلَ اللَّهُ فَأُولَٰئِكَ هُمُ الظَّالِمُونَ ﴿٤٥﴾

(തൗറാത്തിൽ നാം ഇസ്രാഈല്യർക്കു വിധിച്ചിട്ടുണ്ടായിരുന്നു. ജീവനു ജീവൻ, കണ്ണിനു കണ്ണ്, മൂക്കിനു മൂക്ക്, ചെവിക്കു ചെവി, പല്ലിനു പല്ല്, എല്ലാ പരിക്കുകൾക്കും തത്തുല്യമായ പ്രതിക്രിയ. ഒരുവൻ പ്രതിക്രിയ ചെയ്യാതെ മാപ്പാക്കുകയാണെങ്കിൽ അതവനുള്ള പ്രായശ്ചിത്തമാകുന്നു. അല്ലാഹു അവതരിപ്പിച്ച നിയമങ്ങളനുസരിച്ച് വിധി നടത്താത്ത ജനം അക്രമകാരികൾ തന്നെയാകുന്നു). ഇസ്ലാമിക വ്യവഹാര നിയമത്തിലെ സുപ്രധാനമായ ഒരടിസ്ഥാന തത്ത്വമാകുന്നു ഈ തുല്യത. ഇതു കൃത്യമായി പാലിക്കപ്പെടുകയാണെങ്കിൽ വ്യക്തികൾക്കിടയിലും സംഘങ്ങൾക്കിടയിലും ഉണ്ടാകുന്ന പല സംഘർഷങ്ങളും തുടങ്ങിയേടത്ത് തന്നെ അവസാനിക്കും. പ്രതികാരത്തിൽ തുല്യത പാലിക്കപ്പെടാതെ വരുമ്പോൾ സംഘർഷം തുടർന്നുകൊണ്ടിരിക്കും. ചിലപ്പോൾ തലമുറകളോളം നീണ്ടുപോകുന്നു. ഇതൊഴിവാക്കാനാണ് തുല്യമായ പ്രതിക്രിയ നിയമമാക്കിയിട്ടുള്ളത്. وَلَكُمْ فِي الْقِصَاصِ حَيَاةٌ يَا أُولِي الْأَلْبَابِ (ബുദ്ധിമാന്മാരേ, പ്രതിക്രിയാ നിയമത്തിൽ നിങ്ങൾക്ക് ജീവിതമുണ്ട് - 2:179). അടികൊണ്ടവൻ അതുപോലൊന്നു തിരിച്ചുകൊടുക്കുകയും അതു കിട്ടിയവൻ താൻ കൊടുത്തതാണ് തിരിച്ചുകിട്ടിയതെന്നു കരുതി അടങ്ങുകയുമാണെങ്കിൽ പ്രശ്നം അതോടെ അവസാനിക്കുന്നു. ഒരു അടികിട്ടിയവൻ അഞ്ച് തിരികെ കൊടുത്താൽ അതു കിട്ടിയവൻ പത്തടികൊണ്ടായിരിക്കും നേരിടുക; അതങ്ങനെ നീണ്ടുപോകും. അതുകൊണ്ട് പ്രതികാരത്തിൽ തുല്യതയും സംയമനവും പാലിക്കണമെന്ന് ഖുർആൻ ആവർത്തിച്ചനുശാസിക്കുന്നുണ്ട്:

فَمَنِ اعْتَدَىٰ عَلَيْكُمْ فَاعْتَدُوا عَلَيْهِ بِمِثْلِ مَا اعْتَدَىٰ عَلَيْكُمْ ۚ وَاتَّقُوا اللَّهَ وَاعْلَمُوا أَنَّ اللَّهَ مَعَ الْمُتَّقِينَ

(ആകയാൽ നിങ്ങളെ അക്രമിച്ചവരെ അതുപോലെ നിങ്ങളും അക്രമിച്ചുകൊള്ളുക. എന്നാൽ, നിങ്ങൾ അല്ലാഹുവിൽ ഭക്തിയുള്ളവരായിരിക്കണം. അറിഞ്ഞിരിക്കുവിൻ, അല്ലാഹു ഭക്തജനങ്ങളോടൊപ്പമാകുന്നു - 2:194)

وَإِنْ عَاقَبْتُمْ فَعَاقِبُوا بِمِثْلِ مَا عُوقِبْتُم بِهِ (ശിക്ഷിക്കുകയാണെങ്കിൽ നിങ്ങൾ ശിക്ഷിക്കപ്പെട്ടതിനു തുല്യമായി ശിക്ഷിച്ചുകൊള്ളുക - 16:126)

وَمَن جَاءَ بِالسَّيِّئَةِ فَلَا يُجْزَىٰ إِلَّا مِثْلَهَا (തിന്മ ചെയ്തവന്ന് അതുപോലുള്ള തിന്മയല്ലാതെ പ്രതിഫലമില്ല - 6:160). ശാരീരികമായ അക്രമങ്ങളിൽ മാത്രമല്ല, ധനനശീകരണം, സ്വഭാവഹത്യ തുടങ്ങിയ അതിക്രമങ്ങളോടു പ്രതികരിക്കുമ്പോഴും ഈ തുല്യതയും സംയമനവും പാലിക്കേണ്ടതാകുന്നു.

തുല്യമായ പ്രതികാരം അനുവദനീയമല്ലാത്ത ചില സന്ദർഭങ്ങളുണ്ട്. തന്റെ സഹോദരിയെയോ മകളെയോ മാനഭംഗപ്പെടുത്തിയവന്റെ സഹോദരിയെയോ മകളെയോ താനും മാനഭംഗപ്പെടുത്തുക ഒരുദാഹരണം. തനിക്കെതിരെ വ്യാജമായ വ്യഭിചാരാരോപണം (قذف) പ്രചരിപ്പിച്ചവനെതിരെ താനും വ്യാജമായ വ്യഭിചാരാരോപണം പ്രചരിപ്പിക്കുക.

ആദ്യത്തെ ഉദാഹരണത്തിൽ നിരപരാധികൾ അക്രമിക്കപ്പെടുകയാണ്. പ്രതി ചെയ്തതുപോലുള്ള ഗുരുതരമായ കുറ്റമാണത്. രണ്ടാമത്തെ ഉദാഹരണത്തിലും രണ്ടു കുറ്റമുണ്ട്. ഒന്ന്, കള്ളം പറയൽ. കള്ളം പറഞ്ഞതിനുള്ള പ്രതിവിധി പ്രതിയോഗിയെക്കുറിച്ചും കള്ളം പറയുകയല്ല. അയാൾ പറഞ്ഞതു കള്ളമാണെന്നു തെളിയിക്കുകയും അതുമൂലമുണ്ടായ നഷ്ടം അയാളിൽനിന്ന് ഈടാക്കുകയുമാണ്. രണ്ട്, ഒരു സ്ത്രീയിലോ പുരുഷനിലോ വ്യഭിചാരം ആരോപിക്കുമ്പോൾ അതിൽ നിരപരാധികളായ മറ്റൊരു സ്ത്രീയോ പുരുഷനോ കൂടി ആരോപിതനാകുന്നുണ്ട്. വ്യഭിചാരം, വ്യഭിചാരാരോപണം പോലുള്ളവ ഇസ്‌ലാമിൽ ക്രിമിനൽ കുറ്റമാണ്. ശരീഅത്ത് അതിന് കൃത്യമായ ശിക്ഷ വിധിച്ചിട്ടുണ്ട്. അത്തരം കേസുകളിൽ പീഡിതൻ കോടതിയെ സമീപിക്കുകയാണ് വേണ്ടത്. നിയമവാഴ്ചയുള്ള സമൂഹത്തിൽ ശാരീരികമോ സാമ്പത്തികമോ ആയ അക്രമങ്ങൾക്ക് പ്രതികാരം ചെയ്യേണ്ടതും അധികൃതരിലൂടെയാണ്. കൊന്നവനെ കൊല്ലാനും കൈവെട്ടിയവന്റെ കൈവെട്ടാനും വ്യക്തികൾ മുതിർന്നുകൂടാ.

കോടതിയിൽ പരാതിപ്പെടുന്നവർക്കൊക്കെ നീതി കിട്ടണമെന്നില്ല. തെളിവുകൾ സമർപ്പിക്കാൻ കഴിയാത്തതുകൊണ്ടോ സാക്ഷികളില്ലാത്തതുകൊണ്ടോ ഒക്കെ വിധി പ്രതിക്കനുകൂലമായി വരാം. ചിലപ്പോൾ കോടതി പക്ഷപാതപരമായി പ്രതിയെ രക്ഷിച്ചെന്നും വരാം. അത്തരം സന്ദർഭങ്ങളിൽ കോടതിയെയും നിയമവാഴ്ചയെയും മാനിച്ച് ക്ഷമിക്കുകയല്ലാതെ ഗത്യന്തരമില്ല. ചില പൂർവ പണ്ഡിതന്മാർ ഇങ്ങനെയും അഭിപ്രായപ്പെട്ടിരിക്കുന്നു: മോഷണം, പിടിച്ചുപറി, വഞ്ചന തുടങ്ങിയ സാമ്പത്തികാതിക്രമങ്ങളിലാണ് പ്രതി കോടതിയിൽ നിന്ന് രക്ഷപ്പെട്ടതെങ്കിൽ അയാളെയും അതുപോലെ വഞ്ചിച്ചോ മോഷ്ടിച്ചോ തനിക്കു കിട്ടാനുള്ളത് കൈവശപ്പെടുത്താൻ ഈ സൂക്തത്തിന്റെ അടിസ്ഥാനത്തിൽ വാദിക്ക് അനുവാദമുണ്ട്. ഇതിനുപോദ്ബലകമായ ഒരു പ്രമാണമായി ഒരു സംഭവം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: അബൂസുഫ്‌യാന്റെ ഭാര്യ പ്രവാചകനോടു പരാതിപ്പെട്ടു: 'തിരുദൂതരേ, അബൂസുഫ്‌യാൻ മഹാ പിശുക്കനാണ്. വീട്ടാവശ്യത്തിന് വേണ്ടത് തരുന്നില്ല. ഞാൻ അദ്ദേഹമറിയാതെ അദ്ദേഹത്തിന്റെ പണം എടുത്തുകൊള്ളട്ടെയോ?' പ്രവാചകൻ പറഞ്ഞു: 'ആവശ്യത്തിനു വേണ്ടത് എടുത്തുകൊള്ളുക.' അതുകൊണ്ട് ന്യായമായ അവകാശം മോഷ്ടിച്ചെടുത്താൽ പരലോകത്ത് ശിക്ഷിക്കപ്പെടുകയില്ല. പക്ഷേ, ഇഹലോകത്തെ കോടതിയിൽ തോൽക്കുകയാണെങ്കിൽ അതിന്റെ ഫലം അനുഭവിക്കേണ്ടി വരും. ശാരീരികമായി പരിക്കേൽപ്പിക്കുകയോ കൊലനടത്തുകയോ ചെയ്തവരെയും കോടതിയിൽനിന്നു നീതികിട്ടിയില്ലെങ്കിൽ ഇങ്ങനെ പുറത്തുവെച്ച് ശിക്ഷിക്കാം. പരലോകത്ത് കുറ്റമുക്തനായിരിക്കുമെങ്കിലും ഇവിടെ പിടിക്കപ്പെടുകയാണെങ്കിൽ സർക്കാറിന്റെയും കോടതിയുടെയും നടപടിക്ക് വിധേയനാകണം. എന്നാൽ, തെളിവിന്റെയും സാക്ഷിയുടെയും അഭാവത്തിൽ കോടതി മുഖേന അവകാശം നേടിയെടുക്കുന്നതിൽ പരാജയപ്പെട്ടവർ രഹസ്യമായോ നിയമപരമല്ലാത്ത മാർഗങ്ങളിലൂടെയോ അതു നേടുന്നത് അനുവദനീയമല്ല എന്നാണ് ഇമാം അബൂഹനീഫയുടെ നിലപാട്.

ഈ ചർച്ചക്കിടയിൽ ഫുഖഹാക്കൾ ഉന്നയിച്ച മറ്റൊരു ചോദ്യമുണ്ട്: സർക്കാർ ഏർപ്പെടുത്തുന്ന അന്യായമായ നിയന്ത്രണങ്ങളിൽനിന്നും നികുതികളിൽനിന്നും പൗരന് പഴുതുകളുണ്ടാക്കിയോ ഉത്തരവാദപ്പെട്ടവരുടെ കണ്ണുവെട്ടിച്ചോ രക്ഷപ്പെടാമോ? പൊതുവിൽ പാലിക്കപ്പെട്ടുവരുന്ന നിയമബാധ്യതകളിൽനിന്ന് ചിലർ മാത്രം രക്ഷപ്പെട്ടുകൂടാ എന്നാണ് മാലികി മദ്ഹബിലെ സഹ്നൂനി(سحنون)ന്റെ നിലപാട്. മാലികി മദ്ഹബിലെ തന്നെ മറ്റൊരു ഇമാമായ അബൂജഅ്ഫർ അഹ്മദ് ബിൻ നസ്ർ ദാവൂദി പറയുന്നത്, പറ്റുമെങ്കിൽ രക്ഷപ്പെടാം എന്നാണ്. കാരണം, അക്രമം നല്ല മാതൃകയല്ല. ഒരാളും അപരന്റെ മേൽ അനീതി ഇരട്ടിക്കുമെന്ന് ഭയപ്പെട്ട് ഒരനീതി സഹിക്കാൻ ബാധ്യസ്ഥനാകുന്നില്ല. إِنَّمَا السَّبِيلُ عَلَى الَّذِينَ يَظْلِمُونَ النَّاسَ എന്ന വാക്യം ഈ അഭിപ്രായത്തെ സാധൂകരിക്കുന്നതായും അദ്ദേഹം പറയുന്നു.

അക്രമിക്കപ്പെടുമ്പോൾ തിരിച്ചടിക്കുക നേരത്തെ സൂചിപ്പിച്ചതുപോലെ മർദിതന്റെ ന്യായമായ അവകാശമാണ്. തിരിച്ചടിച്ചതിന്റെ പേരിൽ അവൻ കുറ്റക്കാരനാകുന്നില്ല. ആളുകൾക്കു നേരെയുള്ള അതിക്രമവും നാട്ടിൽ അനാവശ്യമായ കുഴപ്പമുണ്ടാക്കലുമാണ് കുറ്റകരം. അത്തരക്കാർ ഇഹത്തിലും പരത്തിലും ശിക്ഷാർഹരാകുന്നു. സർക്കാറും കോടതിയും ഉള്ളിടത്ത് അവ മുഖേനയാണ് തിരിച്ചടിക്കേണ്ടതും നീതി നേടേണ്ടതും. അതൊന്നും ഇല്ലാത്തിടത്ത് ആ സാഹചര്യത്തിന്റെ തേട്ടമനുസരിച്ച് പ്രവർത്തിക്കാം. അപ്പോൾ നേരത്തെ പറഞ്ഞ തുല്യതയും സംയമനവും പാലിക്കേണ്ടതുണ്ട്. വ്യക്തികൾ അധികാരികൾ മുഖേനയോ തുല്യത പാലിച്ചുകൊണ്ടോ തിരിച്ചടിക്കുന്നതാണ് കുറ്റകരമല്ലാത്തത്. അതു പാലിക്കാതെയുള്ള തിരിച്ചടി മർദിതന്റെ ഭാഗത്തുനിന്നുള്ള കുറ്റകൃത്യമാകുന്നു. അത് ആക്ഷേപകരവും ശിക്ഷാർഹവുമാണ്. سبيل മൗലികമായി വഴിയാണ്. സാന്ദർഭികമായി ന്യായം, ആക്ഷേപം, കുറ്റം, ശിക്ഷ, തടസ്സം തുടങ്ങി അനേകം അർഥങ്ങളിൽ ഉപയോഗിക്കുന്നു. കുറ്റവും ശിക്ഷയുമാണ് ഇവിടെ ഉദ്ദേശ്യം. وَلَمَنِ انتَصَرَ بَعْدَ ظُلْمِهِ എന്ന പ്രയോഗം ശ്രദ്ധേയമാണ്. വ്യക്തിപരമായി, ഒരുവൻ തന്നെ അക്രമിച്ചേക്കുമെന്ന് തോന്നുമ്പോഴേക്കും അയാളെ കയറി അക്രമിക്കുന്നതനുവദനീയമല്ല. അക്രമം യാഥാർഥ്യമാകുമ്പോഴേ തിരിച്ചടിക്കാവൂ. അക്രമം നടക്കുമെന്ന് ഉറപ്പിക്കാവുന്ന വണ്ണം ആസന്നമായ അവസ്ഥ അക്രമം നടന്നതുപോലെ തന്നെയാണ്. തനിക്കു നേരെ കഠാരയുമായി ഓടിയടുക്കുന്നവനെ ചെറുക്കാൻ കുത്തുകൊള്ളുന്നതുവരെ കാത്തുനിൽക്കരുത്. സമൂഹങ്ങൾ തമ്മിലും രാജ്യങ്ങൾ തമ്മിലും യുദ്ധം ഉറപ്പായാൽ ശത്രുപക്ഷത്തുനിന്ന് അക്രമം തുടങ്ങാൻ കാത്തുനിൽക്കാതെ പ്രത്യാക്രമണം നടത്തണമെന്നാണ് ഫുഖഹാക്കളുടെ പൊതുനിലപാട്. രക്തച്ചൊരിച്ചിലും നാശനഷ്ടങ്ങളും കുറക്കാൻ അതാണുചിതം. പക്ഷേ, മറ്റൊരു രാജ്യം സാമ്പത്തികമായും സൈനികമായും ശക്തിപ്പെടുന്നത് കണ്ട് അവർ ഭാവിയിൽ തങ്ങൾക്ക് ഭീഷണിയാകുമെന്ന് തോന്നിയാൽ അവരെ അക്രമിച്ചു നശിപ്പിക്കുന്നത് അനുവദനീയമല്ല.

يَبْغُونَ فِي الْأَرْضِ 'ഭൂമിയിൽ അതിക്രമം ചെയ്യുക' എന്ന പ്രയോഗം അന്യായമായ കലാപങ്ങളെയും ജീവനാശം, വിളനാശം, നാഗരിക നിർമിതികളുടെ നശീകരണം, പരിസ്ഥിതിനാശം തുടങ്ങിയ എല്ലാ നാശങ്ങളും എവിടെ ഉണ്ടാക്കുന്നതിനെയും ഉൾക്കൊള്ളുന്നു. അതിൽ വംശ, ദേശ, മത

വ്യത്യാസങ്ങൾ പ്രസക്തമല്ല. يَظْلِمُونَ النَّاسَ وَيَبْغُونَ فِي الْأَرْضِ എന്ന വാക്ക് ഈ ആശയത്തെ പ്രകാശിപ്പിക്കുന്നതായി പണ്ഡിതന്മാർ നിരീക്ഷിച്ചിരിക്കുന്നു.

തിന്മയെ നന്മകൊണ്ട് തടയുന്നതു സംബന്ധിച്ച ചർച്ച തുടങ്ങുന്ന സൂക്തത്തിലും ചർച്ച അവസാനിക്കുന്ന സൂക്തത്തിലും ക്ഷമയും വിട്ടുവീഴ്ചയും മാപ്പും സവിശേഷം പരാമർശിക്കുന്നുണ്ട്. فَمَنْ عَفَا وَأَصْلَحَ فَأَجْرُهُ عَلَى اللَّهِ എന്നാണ് ആദ്യം പറയുന്നത്. ഈ വിഷയകമായി നേരത്തെ ഉദ്ധരിച്ച 2:194, 16:126, 6:166 സൂക്തങ്ങളിലും ഇക്കാര്യം ഉണർത്തിയിരിക്കുന്നു. 41:34-ൽ ادْفَعْ بِالَّتِي هِيَ أَحْسَنُ فَإِذَا الَّذِي بَيْنَكَ وَبَيْنَهُ عَدَاوَةٌ كَأَنَّهُ وَلِيٌّ حَمِيمٌ (തിന്മയെ ഏറ്റം ഉത്കൃഷ്ടമായ നന്മകൊണ്ട് തടയുക. അപ്പോൾ നിന്നോട് വൈരത്തിൽ വർത്തിക്കുന്നവർ ആത്മമിത്രം എന്നോണമായിത്തീരുന്നതു കാണാം) എന്നും പ്രസ്താവിച്ചിരിക്കുന്നു. പ്രതികാരം ന്യായമായ അവകാശമാണ്. ഒരാൾക്ക് അവകാശമുള്ളതെല്ലാം ചെയ്തുകൊള്ളണമെന്നോ നേടിക്കൊള്ളണമെന്നോ ഇല്ല. അക്രമിയോട് പ്രതികാരം ചെയ്യാൻ സൗകര്യമുണ്ടായിട്ടും അയാളുടെയും സമൂഹത്തിന്റെയും നന്മ കാംക്ഷിച്ച് ആ അവകാശം വേണ്ടെന്നു വച്ച് അയാളോട് വിട്ടുവീഴ്ച കാണിക്കുന്നതും സന്ധി ചെയ്യുന്നതും ശ്രേഷ്ഠമായ ത്യാഗമാണ്; പ്രതിഫലാർഹമായ പുണ്യകർമവുമാകുന്നു. അതിന്റെ പ്രതിഫലം അല്ലാഹുവിങ്കൽനിന്ന് ഉറപ്പായും ലഭിക്കും. പ്രതികാരം ചെയ്യാൻ ശക്തിയും സൗകര്യവും ഉണ്ടായിട്ടും വിരോധിയോട് ക്ഷമിക്കുന്നതും അയാളുടെ ദ്രോഹങ്ങൾ പൊറുക്കുന്നതും ഒരു ദൗർബല്യമല്ല. വലിയ ധൈര്യവും മനോബലവുമാണത്. മനോദാർഢ്യമുള്ളവർക്കു മാത്രമേ അതു കഴിയൂ. ഇതാണ് وَلَمَن صَبَرَ وَغَفَرَ إِنَّ ذَٰلِكَ لَمِنْ عَزْمِ الْأُمُورِ -ന്റെ താൽപര്യം. ദൃഢമനസ്കരായ സുകൃതരെയാണ് അല്ലാഹു സ്നേഹിക്കുന്നത്. നേരത്തെ ഉദ്ധരിച്ച 3:134 സൂക്തത്തിൽ ഉൾപ്പെടെ നിരവധി സൂക്തങ്ങളിൽ وَاللَّهُ يُحِبُّ الْمُحْسِنِينَ എന്ന് ആവർത്തിച്ചു പറയുന്നുണ്ട്. അതിന്റെ വിപരീതമാണ് إِنَّهُ لَا يُحِبُّ الظَّالِمِينَ -മർദകരെ അല്ലാഹു സ്നേഹിക്കുന്നില്ല'- എന്നത്. ഈ പ്രസ്താവനയും ഖുർആൻ നിരവധി തവണ ആവർത്തിച്ചിട്ടുള്ളതായി കാണാം. അക്രമിയോട് വിട്ടുവീഴ്ച ചെയ്യണമെന്നു മാത്രമല്ല, ഭാവിയിൽ ഇരുപക്ഷത്തുനിന്നും അക്രമമുണ്ടാവാതിരിക്കാൻ അയാളുമായി ഒത്തുതീർപ്പുണ്ടാക്കണമെന്നും ഉപദേശിക്കുന്നുണ്ടിവിടെ. മുസ്‌ലിംകൾ തമ്മിലുണ്ടാകുന്ന പ്രശ്നങ്ങളിൽ ഒത്തുതീർപ്പ് സവിശേഷം അനുശാസിച്ചിരിക്കുന്നു. إِنَّمَا الْمُؤْمِنُونَ إِخْوَةٌ فَأَصْلِحُوا بَيْنَ أَخَوَيْكُمْ (വിശ്വാസികളെല്ലാം സഹോദരന്മാർ തന്നെയാകുന്നു. ആകയാൽ നിങ്ങൾ സ്വന്തം സഹോദരങ്ങൾക്കിടയിൽ ഒത്തുതീർപ്പുണ്ടാക്കണം -49:10). ഏതവസരത്തിലും ഒത്തുതീർപ്പു തന്നെയാണുത്തമം وَالصُّلْحُ خَيْرٌ (4:128).

നശീകരണവും ജനദ്രോഹവും പരാമർശിച്ചിടത്ത് അന്യായമായി بِغَيْرِ الْحَقِّ എന്നു പറഞ്ഞിരിക്കുന്നു. ഈ വാക്ക് ബന്ധപ്പെട്ടിട്ടുള്ളത് അതിനു മുമ്പുള്ള يظلمون-يبغون എന്നീ വാക്കുകളുമായിട്ടാണ്. يَبْغُونَ-യോടു മാത്രമാണതിന്റെ ബന്ധമെന്ന് പറയുന്നവരുമുണ്ട്. രണ്ടായാലും ഇവിടെ സംശയം ഉയർന്നുവരുന്നു. ജനദ്രോഹവും നാടുനശിപ്പിക്കലും സ്വയം തന്നെ കടുത്ത അന്യായങ്ങളാണല്ലോ. എന്നിരിക്കെ അന്യായമായ ജനദ്രോഹം, അന്യായമായ നാടുനശീകരണം എന്നു പറയുന്നതിന്റെ താൽപര്യമെന്താണ്? വ്യക്തികളോടും സമൂഹങ്ങളോടും ചെയ്യുന്ന ദ്രോഹം ന്യായമാകുന്ന ചില സന്ദർഭങ്ങളും ഉണ്ട്. പ്രത്യാക്രമണം അക്രമം തന്നെയാണെങ്കിലും അതു ന്യായമാണല്ലോ. അതുപോലെ യുദ്ധം പ്രഖ്യാപിച്ച ശത്രുരാജ്യത്തോട് യുദ്ധം ചെയ്യുന്നതും ന്യായമാകുന്നു. ശത്രുരാജ്യത്തെ തോൽപിക്കാൻ ചിലപ്പോൾ അവരുടെ സാമ്പത്തിക നാഗരിക ലക്ഷ്യങ്ങൾ തകർക്കുകയും കൃഷികൾ നശിപ്പിക്കുകയും ചെയ്യേണ്ടിവരും. അത്തരം സന്ദർഭങ്ങളിൽ അതും ന്യായമാകുന്നു. പക്ഷേ, ജനങ്ങളെ ഭയവിഹ്വലരാക്കുന്നതിനു വേണ്ടി അത്തരം നടപടികൾ സ്വീകരിച്ചുകൂടാ. പൊതുവായ നശീകരണ നടപടികൾ ഇല്ലാതെ തന്നെ ശത്രുവിനെ കീഴടക്കാൻ കഴിയുന്ന സാഹചര്യത്തിൽ നശീകരണം നടത്തുന്നതും അന്യായമാകുന്നു. ●


മലയാളി ഇസ്‌ലാമിനെ വായിച്ച ഏഴര പതിറ്റാണ്ട്

പ്രബോധനം

ഐ.എസ്.ടി ബിൽഡിംഗ്,
വെള്ളിമാട്കുന്ന്, കോഴിക്കോട് – 12

Manager: 0495 2730073
Circulation: 0495 2730744
Accounts: 0495 2732888
Whatsapp: 9544060886
(Circulation)

circulationprabodhanam@gmail.com
managerprabodhanamclt@gmail.com
acprabodhanam@gmail.com

വരിസംഖ്യ

2 വർഷം 1500
1 വർഷം 750
6 മാസം 375

Beneficiary:
Prabodhanam Weekly
Federal Bank - Nadakavu Branch
Current A/C No.
13000200015019
IFSC Code: FDRL0001300

ഗൂഗ്ൾ പേ/നെഫ്റ്റ് ചെയ്യുന്നവർ ഏജൻസി കോഡ്/ സബ് നമ്പർ എന്നിവ റിമാർക്സിൽ രേഖപ്പെടുത്തേണ്ടതാണ്. ബാങ്കിൽ പണമടക്കുന്നവർ ഏജൻസി നമ്പറും പേരും/ഹൽഖയുടെ കോഡും പേരും, സബ്സ്ക്രൈബറാണെങ്കിൽ സബ്സ്ക്രിപ്ഷൻ നമ്പറും പേരും എഴുതേണ്ടതാണ്. അഡ്രസ്സും ഫോൺ നമ്പറും ട്രാൻസ്ഫർ സ്ക്രീൻ ഷോർട്ടും മെയിൽ/ വാട്ട്സ്ആപ്പ് ചെയ്യേണ്ടതാണ്.




+91 8547273767